


# 2023-24

# മഴവില്ല്

## കെ.എൻ.എം.വി. എച്ച്.എസ് സ്കൂൾ





മാനേജർ
കെ.വി സദാനന്ദൻ



ഹെഡ്മിസ്ട്രസ്സ്
രാജി.കെ.എസ്



പ്രിൻസിപ്പാൾ
അനിത
മുകുന്ദൻ

# ഈ വർഷം വിരമിക്കുന്നവർ



രാജി.കെ.എസ്



അനിത മുകുന്ദൻ



ബാബു വി.എ

# SPORTS





പടിയം ജില്ലാതല ഫുട്ബോൾ ടൂർണമെന്റിൽ
തളിക്കുളം ഗവൺമെന്റ് സ്കൂളിന് എതിരെ
3-2 കമല നെഹ്റു സ്കൂൾ തൃത്തല്ലൂർ
ജേതാക്കളായി. കളിയിലെ താരം അദിനാൻ.

# അഭിനന്ദനങ്ങൾ

## KNMVHSS VATANAPPALLY

STAFF, MANAGEMENT, PTA, MPTA

# കലോത്സവ
# വിജയികൾ








# കലോത്സവം



# സംസ്ഥാന ശാസ്ത്രമേള വിജയികൾ





ദിയ എം പി



അമാന
ഫാത്തിമ

little KITEs

ജില്ലാ ക്യാമ്പിലേക്ക് സെലക്ഷൻ
നേടിയിരിക്കുന്നു



AMAL JASIM P R - 9B

Congratulations

**K N M V H S S VATANAPPALLY**

STAFF, MANAGEMENT, PTA, MPTA

# BHARATH SCOUT & GUIDES
# RAJYAPURASKAR WINNERS

## KNMVHSS VATANAPPALLY


POURNAMILAL K. P


NEELAMBARI M. S


SREEDEVIKANANDA A. K


THEJASWI K. M


ANUJI K. P


ANAKHA C. A


FASNA T. F


THASNIM P. T


HANFA FATHIMATH


NIYA E. M. P


ANSHAD ABOOBACKER


MUHAMMED JEFFRIN


MUHAMMED NIHAL

**CONGRATULATIONS**💐

# സംസ്ഥാനതലത്തിൽ നടന്ന സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷയിൽ (2023-24) സ്കോളർഷിപ്പ് ലഭിച്ച വിദ്യാർത്ഥികൾക്ക്

# അഭിനന്ദനങ്ങൾ



**SREENANDHA N S**
STD-X



**THEJASREE M S**
STD-X



**NEELAMBARI M S**
STD-IX



**ANITTA C RAJ**
STD-VIII



**SREEYA SAJITH**
STD-VIII



**SAHASRA LIJITH**
STD-VII



**VISWAJITH P P**
STD-VII



**HARIPRIYA HAREESH**
STD-VI



**ANJALI T H**
STD-VI



**ADHITHY PRASAD**
STD-V

## MANAGEMENT & PTA

## KNMVHS SCHOOL - VATANAPPALLY

# നീലാകാശം

തലക്കുമീതെ പറന്നുകിടക്കും നീലാകാശം
അതിലാലയടിച്ചുയരുന്ന പഞ്ഞിക്കൂട്ടങ്ങൾ
കെട്ടഴിഞ്ഞ പട്ടം പോൽ പാറിനടക്കുന്നു

അപ്പരവതാനിയിൽ കയറാനൊരാഗ്രഹം
വരുമോ എന്നരികിൽ ഞാൻ വിളിച്ചാൽ ?

എത്ര ശ്രമിച്ചാലും നടക്കാത്തൊരാഗ്രഹം
അത്ര മാത്രം ഇതിനെപ്പറയാം

എന്തിനെന്നില്ലാത്തൊരെൻ ജീവിതത്തി-
നർത്ഥമേകാൻ നിനക്കാവുമോ എങ്കിൽ
നിന്നുത്തരം തേടി ഞാനിറങ്ങും

മഴയത്തും തളരില്ല
വെയിലത്തും തളരില്ല
നിന്നുത്തരം തേടി ഞാനിറങ്ങും

ALAKANANDHA .T
X.D

# നിഗൂഢത നിറഞ്ഞ രാത്രി

സൂര്യൻ അസ്തമിച്ചു . അവൾമെഴുകുതിരി കത്തിച്ച് പ്രാർത്ഥനയിൽ മുഴുകി. അവളുടെ പേര് ഏഞ്ചൽ. അത് കഴിഞ്ഞ് അവൾ പതിവുപോലെ പഠിച്ച്,ഭക്ഷണം കഴിച്ച് ടി.വി കാണുകയാണ്. ഒരുപാട് നേരം ടി.വി കണ്ടതിനു ശേഷം മൊബൈൽ എടുത്ത് റീൽസ് കാണുകയും ചെയ്യുന്നുണ്ട്.അവളുടെ അമ്മ ഇടയ്ക്ക് ഫോൺ വിളിച്ച് വേഗം ഉറങ്ങൂ എന്ന് പറയുന്നുണ്ട്.അവൾ അതൊന്നും കാര്യമാക്കുന്നില്ല.അവൾ കൂട്ടുകാരെ
വിളിച്ച് വീട്ടിലേക്ക് വരാൻ പറയുന്നു.കൂട്ടുകാർ വീട്ടിലേക്ക് വരുന്നുമുണ്ട് .അവർ എല്ലാവരും കൂടി ഹൊറർ സിനിമ കാണുകയാണ്. അമ്മ വീണ്ടും വിളിച്ച് ഉറങ്ങിയോ എന്ന് അന്വേഷിക്കുന്നുണ്ട് .അമ്മ ഇടക്കിടെ വിളിക്കുന്നത് ശ്രദ്ധിച്ച കൂട്ടുകാർ എന്തിനാണ് 'അമ്മ വിളിച്ച് വേഗം ഉറങ്ങാൻ  പറയുന്നത് എന്ന് ചോദിക്കുന്നു.അതിന് എയ്ഞ്ചൽ മറുപടി പറയുന്നില്ല അവൾ അവരോട് സിനിമ കാണുന്നത് മതിയായില്ലേ...?നമുക്ക് എന്തെങ്കിലും കഥ പറഞ്ഞിരിക്കാം എന്ന് ചോദിക്കുന്നു .അതിന് അവർ ശരി  എന്ന് പറയുന്നു .വട്ടം ഇട്ടു ഇരുന്നു കഥ പറയാൻ തുടങ്ങി .അടുത്തിടെ റിലീസ്  ആയ ഒരു സിനിമയുടെ ആശയം അവളുടെ കൂട്ടുകാരി പൂജ പറഞ്ഞു. അടുത്ത ഞായറാഴ്ച ആ സിനിമ കാണാൻ പോവുകയാണ് എന്ന പ്ലാൻ ചെയ്തു .അതുകഴിഞ്ഞു അവളുടെ കൂട്ടുകാരെല്ലാം കഥ പറഞ്ഞു .അവസാനം എയ്ഞ്ചൽ പറഞ്ഞു "ഇത് എന്റെ ഒരു അനുഭവം ആണ് "."വേഗം പറയൂ" എന്ന് കൂട്ടുകാരൻ ഷാജു പറഞ്ഞു .അവൾ പറഞ്ഞു തുടങ്ങി ."ഞങ്ങൾ ഈ വീട് വാങ്ങാൻ വന്നപ്പോൾ വീട്ടുടമസ്ഥനു ഈ വീട് എങ്ങെനെയെങ്കിലും വിറ്റുപോവാൻ
കാത്തിരിക്കുകയായിരുന്നു .പരിസരത്തുള്ള പലരും പറഞ്ഞത്  ഈ വീട് വാങ്ങരുത്  എന്നായിരുന്നു .അച്ഛന് ഇഷ്ട്ടപെട്ടതുകൊണ്ടാണ് ഈ വീട് വാങ്ങിയത് .അച്ഛന് പ്രേതങ്ങളിൽ ഒന്നും വിശ്വാസമുണ്ടായിരുന്നില്ല .അത് പോലും കാര്യം ആക്കാതെയാണ് ഈ വീട് വാങ്ങിയത് .ഈ വീട്ടിൽ താമസം തുടങ്ങി രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോൾ തൊട്ടു ഇവിടെ നിന്ന് രാത്രി പതിനൊന്നു

മണിയോട്ടുകൂടി ഒച്ചയും ബഹളവും കേൾക്കാറുണ്ട് .ഇവിടെ ഞങ്ങൾ അല്ലാതെ മറ്റൊരാൾകൂടി ഉണ്ടെന്ന തോന്നൽ ഉണ്ട് .ഇവിടെ ഒറ്റക്കിരിക്കാൻ പേടിയാണ് .ആരോ നമ്മളുടെ അടുത്തുള്ളത് പോലെ തോന്നും .എനിക്ക് കൂട്ടിരിക്കാൻ ആണ് ഞാൻ നിങ്ങളെ വിളിച്ചത് ". അവൾ ഇത് പറഞ്ഞുകൊണ്ടിരിക്കുമ്പോൾ വളരെ അധികം ഒച്ചയും ബഹളവും .കാരണം പതിനൊന്നു മണി
അവസാനിച്ചിരിക്കുന്നു .ഇപ്പോൾ 11.30.ആയി .അവർ പേടിച്ച ബഹളം ഉണ്ടാക്കി .അവരുടെ ബഹളം പുറത്തേക്ക് കേൾക്കാൻ സാധിക്കുന്നുണ്ടായിരുന്നില്ല .
പെട്ടന്ന്  ബഹളം നിന്നു . രണ്ടു നിമിഷത്തേക്ക് അവർ മരവിച്ചു പോയി. 12.00.മണിക്ക് ഘടികാരം അടിച്ചു .കൂരാകൂരിരുട്ടു .ചുറ്റും നിശബ്ദത .നല്ല തണുപ്പ് .പെട്ടന്നു എന്തോ പിന്നിൽ കൂടി പോകുന്നത് പോലെ തോന്നി. ആ രാത്രി എങ്ങെനെയൊ അവർ തള്ളി നീക്കി .രാവിലെ അവർ നോക്കിയപ്പോൾ അവരുടെ കൂട്ടുകാരി റെനിയെ കാണുന്നില്ല .വീട്ടിൽ ഒരുപാട്ടു നോക്കി .അവിടെയൊന്നും അവളെ കാണുന്നില്ല .അവർ പരിഭ്രാന്തരായി .കുറച്ചു നേരം  കഴിഞ്ഞു എയ്ഞ്ചേലിനു പോലീസ് സ്റ്റേഷനിൽ നിന്ന് ഫോൺ വന്നു .എന്നിട്ടു വീടിനടുത്തുള്ള പറമ്പിലേക്ക് ചെല്ലാൻ പറഞ്ഞു .അവർ അങ്ങോട്ട് ചെന്ന് .അവർ അവിടെ കണ്ടത് ജീവനറ്റ റെനിയുടെ മൃതദേഹമായിരുന്നു .അവർ അത് കണ്ടു ആകെ ഭയന്നു. 6 മണി വരെ അവരുടെ കൂടെ ഉണ്ടായിരുന്ന ആളായിരുന്നു റെനി .അവൾ എപ്പോഴാണ് പുറത്തേക്കു പോയതെന്ന കാര്യത്തിൽ അവർക്കു സംശയമുണ്ടായിരുന്നു .ഫോറൻസിക് റിപ്പോർട്ടിൽ അവൾ ഭയന്നു മരണപ്പെട്ടിരിക്കുന്നു എന്നാണ് എഴുതിയിട്ടുള്ളത് .അവൾ എങ്ങെനെയാണ് ആ പറമ്പിൽ എത്തിയത് ? .അവൾ എന്ത് കണ്ടായിരുക്കും പേടിച്ചത് ? ആകെ സംശയങ്ങൾ !. അന്നത്തെ ദിവസത്തിനു ശേഷം ആ വീട്ടിൽ അവർ താമസിച്ചിട്ടില്ല .ആ വീടിന്റെ നിഗൂഢത അറിയാൻ അവർ ശ്രമിക്കുകയാണ് .അങ്ങനെ അവർ എത്തിച്ചേർന്നത് ഒരു വയസ്സായ സ്ത്രീയുടെ അടുത്താണ് .ആ സ്ത്രീ ഒരു പെൺകുട്ടിയുടെ ഫോട്ടോ കാണിച്ചുകൊടുത്തുകൊണ്ടു പറഞ്ഞു അവളുടെ പേര് റാണി എന്നാണെന്ന്. റാണി ആ വീട്ടിലായിരുന്നു താമസിച്ചിരുന്നത് .ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ റാണിയെ ആ

വീട്ടിൽ വെച്ച ആരോ കൊലപ്പെടുത്തി .ഞാൻ  അവളുടെ അമ്മയാണ് .നിക്കൽ അയാളെ കണ്ടുപിടിച്ച കൊല്ലണം .അങ്ങനെയാണെകിൽ അവൾ നിങ്ങളെ വിട്ടു പോകും .അപ്പോൾ എയ്ഞ്ചേലിന്റെ കൂട്ടുകാരൻ ശ്രീജിത്ത് മുത്തശ്ശിയോട് ചോദിച്ചു ."ആ വീട്ടുടമസ്ഥൻ ആയിരിക്കില്ല അവളെ കൊന്നത് "."അല്ല ,വീട്ടുടമസ്ഥൻ അപ്പോൾ വിദേശത്തായിരുന്നു "എന്ന് ആ മുത്തശ്ശി  പറഞ്ഞു .അതിനുശേഷം അവർ അവിടെനിന്ന് പോയി .അവർ ഒരു വീട് താത്കാലികമായി താമസിക്കാനായി വാടകയ്ക്ക് എടുത്തു. അവർ ആ വീടിന്റെ ചരിത്രം അന്വേഷിക്കാൻ തുടങ്ങി. പണ്ട് ആ വീട് ഒരു കൊട്ടാരമായിരുന്നു  .ഈ കൊട്ടാരത്തിലെ ഓരോ വംശ പരമ്പരയിലും ഒരു ദുരൂഹ മരണമെങ്കിലും പൗർണമി നാളിൽ നടക്കാറുണ്ട് . ഈ രാജവംശത്തിലെ  അവസാനത്തെ പുത്രൻ ആണ് വീര സിംഹ റെഡ്ഢി .ഈ മരണങ്ങൾക്ക് കാരണം ഈ രാജകൊട്ടാരത്തിന് കിട്ടിയ ശാപമാണ് പെട്ടെന്നു ശ്രീജിത്ത് അവളെ വന്നു  വിളിച്ചു .അവൾ ഞെട്ടി എഴുന്നേറ്റു അവൾ ഇത് വരെ കണ്ടതെല്ലാം സ്വപ്നമായിരുന്നു .ഇത് അവൾ എല്ലാ കൂട്ടുകാരോടും പറഞ്ഞു .അവൾ വീര സിംഹ റെഡ്ഢിയെ അന്വേഷിച്ച യാത്ര തുടങ്ങി. അവസാനം അവൾ അയാളെ കണ്ടു മുട്ടി .അയാളോട് "താൻ ആണോ റാണിയെ കൊന്നത് " എന്ന് ഷാജു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു :–"റാണിയെ ഞാനാണ് കൊന്നതെങ്കിൽ നിങ്ങൾ എന്ത് ചെയ്യും "."ഞങ്ങൾ നിന്നെ കൊല്ലു" എന്ന്  പൂജ പറഞ്ഞു ."എന്നാൽ അത് ഒന്ന് കാണട്ടെ "എന്ന് അയ്യാൾ  പറഞ്ഞു .എല്ലാതും പറഞ്ഞു കഴിഞ്ഞ അവർ വീട്ടിലർക്ക് തിരിച്ചുപോയി . അന്ന് രാഹുൽ വീട്ടിലേക്ക് നേരം വഴുകിയെ വരൂ എന്ന്  പറഞ്ഞിട്ടുണ്ടായിരുന്നു  .രാത്രി 12.മണി ആയിട്ടും അവനെ കാണാത്ത തുകൊണ്ട്  ശ്രീജിത്തും ഷാജുവും അന്വേഷിച്ചു   ഇറങ്ങി  .ഒരു പാലത്തിന്റെ അടുത്ത കുത്തേറ്റുകിടക്കുന്ന രാഹുലിനെയാണ് അവർക്ക് കാണാൻ ആയത് .അപ്പോൾ തന്നെ അവർ മറ്റുള്ളവരെയും പോലീസിനെയും വിളിച്ചു വരുത്തി .അവന്റെ ശവസംസ്കാര ചടങ്ങുകൾ നടത്തി .അയാൾ ആണോ ഇത് ചെയ്തത് എന്ന് അവർക്ക് സംശയമുണ്ടായിരുന്നു .അവർ അയാളുടെ വീട്ടിൽ ചെന്ന് അയാളെ കാണാൻ ശ്രമിച്ചു  .പക്ഷെ നടന്നില്ല രാത്രി അയാൾ

ശ്രീജിത്തിനെ ഫോൺ വിളിച്ച് നിങ്ങളെ എല്ലാവരെയും  കൊല്ലും എന്ന് പറഞ്ഞു ഫോൺ കട്ട് ചെയ്തു .രാഹുൽ മരിച്ച രണ്ടു ദിവസം കഴിഞ്ഞപ്പോഴേക്കും അയാൾ പൂജയെ ഉന്നം വെച്ച് രാഹുൽ മരിച്ച മൂന്നാം ദിവസം അയാൾ പൂജയെയും കൊന്നു .അവർ എല്ലാവരും ശെരിക്കും ഭയപ്പെട്ടു .പൂജയുടെ മരണത്തിനു ശേഷം അവർ അയാൾക്കെതിരെ കോടതിയിൽ കേസ് കൊടുത്തു .ആന്മേരിയ എന്ന വക്കീൽ ആയിരുന്നു അവരുടെ  കേസ് ഏറ്റെടുത്തത് .എന്നിട്ട് അവർ ആദ്യവാദം കോടതിയിൽ നടത്തി  . അഞ്ചുദിവസത്തേക്ക് ഈ കേസ് കോടതി അവധി   പ്രഖ്യാപിച്ചു.അതിനിടയിൽ അവളുടെ കൂട്ടുകാരൻ ആയ ഷാജുവിനെയും കൊന്നു .അവർ ആകെ ധർമ്മസങ്കടത്തിലും ദേഷ്യത്തിലുമായി  .അയാളെ കൊല്ലാൻ അവർ പ്ലാൻ ചെയ്തു .എങ്ങനെയെങ്കിലും  അയാളുടെ വീട്ടിലേക്ക്  കടക്കണം എന്ന കാര്യം  തീരുമാനിച്ചു .അങ്ങനെ  വാദം ചെയ്തു  വീണ്ടും മൂന്ന് ദിവസം കൂടി നീട്ടി വെച്ചിരിക്കുകയാണ് കോടതി .വാദം കഴിഞ്ഞു വീട്ടിലിലേക്ക് പോകാൻ ഇറങ്ങിയ  വക്കീലിനെ അഞ്ചുപേർ ചേർന്ന് കൊലപ്പെടുത്തി .ഇനിയുള്ളത് ശ്രീജിത്തും എയ്ഞ്ചേലും മാത്രമാണ് .ഒരു ദിവസം രാത്രി നല്ല മഴയുള്ളപ്പോൾ അയാളുടെ വീട്ടിലേക്ക് അവർ രണ്ടു പേരും  കയറി  പതിയെ ശബ്ദമുണ്ടാക്കാതെ അയാളുടെ മുറിയിൽ കയറി അയാളെ ശ്വാസം മുട്ടിച്ചു കൊല്ലാൻ നോക്കി .പക്ഷെ   അയാൾക്ക് കുറച്ചുനേരംകൂടി ആയുസുണ്ടായിരുന്നു .അവിടെ പെരുന്നാൾ ആയിരുന്നു .അവിടെ വെച്ച ശ്രീജിത്തും അയാളും   തമ്മിൽ  തല്ലുണ്ടായി .അയാൾ ശ്രീജിത്തിനെ കുത്തി പരിക്കേൽപിച്ചു .പക്ഷെ ശ്രീജിത്ത് മരിച്ചില്ല .എന്നിട്ടും അവർ തല്ലു നിർത്തിയില്ല .അവസാനം ഏയ്ഞ്ചൽ ഒരു കല്ലെടുത്തു അയാളുടെ തലക്കടിച്ചു അയാളുടെ ബോധം പോയി .കുറച്ചു നേരം കഴിഞ്ഞ ബോധം വന്നപ്പോൾ അയാളെ കെട്ടിയിട്ടിരിക്കുകയാണ് .അയാളോട് ഏയ്ഞ്ചൽ ചോദിച്ചു "നീ എന്തിനാണ് റാണിയെ കൊന്നത്?".അയാൾ പറഞ്ഞു " അവളോട് അടുക്കാൻ ശ്രെമിച്ചപ്പോൾ കയ്യബദ്ധത്താൽ മരണപ്പെട്ടതാണ്.ഇത്രയും കാര്യം കേട്ട് ക്ഷമയില്ലാതെ ഏഞ്ജൽ ഒരു ഇരുമ്പുവടികൊണ്ട് അയാളെ തലക്കടിച്ചു കൊലപ്പെടുത്തി.ഇതിനുശേഷം അവൾ

തിരിഞ്ഞു നോക്കിയപ്പോൾ ശ്രീജിത്ത് അവസാനശ്വാസത്തോടുകൂടി അവളെ നോക്കി മരണമടഞ്ഞു ……………………………!

NEHLA FATHIMA
VII.C

# പൊൻമുട്ടയിടുന്ന താറാവ്

ഒരിടത്ത് ഒരു പാവപ്പെട്ട ഒരു കർഷകന് വളരെ ഭംഗിയുള്ള ഒരു താറാവ് ഉണ്ടായിരുന്നു .എല്ലാ ദിവസവും ആ കൃഷിക്കാരൻ കോയോട്ടിൽ പോയി നോക്കുമ്പോൾ താറാവ് ഒരു തിളങ്ങുന്ന ഒരു സ്വർണ മുട്ട ഇട്ടിട്ടുണ്ടായിരുന്നു .അയാൾ അത് ചെണ്ടയിൽ പോയി വിൽക്കുകയും അങ്ങനെ  അയാൾ ധനികനാവുകയും ചെയ്തു.പക്ഷെ ഇത് അധികകാലം നീണ്ടു നിന്നില്ല .എല്ലാ ദിവസവും ഒരു മുട്ട മാത്രം കിട്ടുന്നതോർത്ത് അയാൾ നിരാശനായി .പെട്ടെന്ന് തന്നെ ധനികനാകാൻ അയാൾ തീരുമാനിച്ചു.ഒരു ദിവസം കിട്ടിയ പണം എണ്ണുമ്പോൾ അയാളുടെ മനസ്സിൽ ഒരു ബുദ്ധി ഉദിച്ചു .അയാൾ ആ താറാവിനെ കൊന്നു അതിനുള്ളിലുള്ള എല്ലാ മുട്ടയും പുറത്തെടുക്കുംഅപ്പോൾ അയാൾക്ക് പെട്ടന്ന് തന്നെ ധനികനാകാം എന്ന് തോന്നി അത്യാഗ്രഹം കൊണ്ട് ആ മനുഷ്യൻ തന്റെ താറാവിനെ കൊല്ലുകയും അതിന്റെ വയറു തുറന്നുനോക്കുകയും ചെയ്തു .പക്ഷെ അയാൾക്ക് ഒരു മുട്ട പോലും കിട്ടിയില്ല .ആ താറാവ് ചത്തു പോവുകയും ചെയ്തു

ഗുണപാഠം :-അത്യാഗ്രഹം ആപത്ത്

MOHAMMED SINAN
IX B

# മഴ

ഒരു  തുള്ളി മഴ പെയ്തെങ്കിൽ
ഒരു പിടി ധാന്യം വിതച്ചിടും ഞാൻ
ഒരു തുള്ളി മഴ പെയ്തെങ്കിൽ
ഒരു നൂറു ഞാറു നാട്ടും ഞാൻ
മഴക്കായി കാത്തു നിൽക്കും ഞാൻ
പുലരിയിൽ നോക്കി നിൽക്കും ഞാൻ
നീലമാനമൊന്നു കറുക്കാൻ
മഴതുള്ളി ഭൂമിയിൽ വീഴാൻ
മഴവെള്ളച്ചാലുകളിൽ കുഞ്ഞി കുരുന്നുകൾ
കടലാസു തോണികൾ ഒഴുകും നാൾ
നോക്കി നിൽക്കും ഞാൻ
കാത്തു നിൽക്കും ഞാൻ
മഴ വരാൻ മഴ മഴ വരാൻ

SAFWA .R.S
VII B

# അമ്മതൻ ഓർമകൾ

അമ്മതൻ മാറിലെ ചൂടേറ്റുറങ്ങുന്ന
കാലമോർക്കുന്നു ഞാനിങ്ങും
ഒരു ചുട്ടു ചുംബനം എൻ നെറ്റിമേലമ്മ
തന്നതും ഞാനോർത്തിടുന്നു

അമ്മതൻ പുഞ്ചിരിയായെൻ മനസ്സിൽ
പൊന്നിൻ പൂവായ് വിരിഞ്ഞു നിൽക്കുന്നു
അമ്മതൻ മടിയിൽ തലചായ്ച്ചുറങ്ങാൻ
വീണ്ടുമെൻ ഹൃദയം തുടിക്കെ ....

അമ്മതൻ സ്പര്ശമേറ്റെല്ലായിടവു–
മെനിക്കമ്മയെപ്പോലെ തോന്നിടുന്നു
കാറ്റിൽ പാറി വരുന്ന സുഗന്ധമേ –
ന്നമ്മയുടേതുപോൽ തോന്നിടുന്നു

കാലമെത്ര കഴിഞ്ഞാലുമെന്നമ്മയെൻ
ജീവനായെന്നും നിലന്നിടും
കാലമെത്ര കഴിഞ്ഞാലുമെന്നമ്മയെൻ
ജീവനയെന്നും നിലന്നിടും

ജീവനയെന്നും നിലന്നിടും
ജീവനയെന്നും നിലന്നിടും ..

ALAKANANDHA.T
X.D

# രാമു ചേട്ടൻ

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഒരു വയസ്സായ ആളുണ്ടായിരുന്നു .അദ്ദേഹത്തിന്റെ പേര് രാമൻ എന്നായിരുന്നു .അദ്ദേഹത്തെ എല്ലാവരും സ്നേഹത്തോടെ രാമു ചേട്ടൻ എന്നും വിളിക്കുമായിരുന്നു .സംഗീതം നന്നായി വശമുള്ള ആളായിരുന്നു അദ്ദേഹം .അദ്ദേഹത്തിന് ഭാര്യയോ മക്കളോ ഒന്നുമുണ്ടായിരുന്നില്ല ,ഒരു വീട് മാത്രമാണ് ഉണ്ടായിരുന്നത് .എല്ലാദിവസവും അദ്ദേഹത്തിന്റെ ഗാനം കേൾക്കാൻ ആ നാട്ടിലെ ആളുകൾ എത്തുമായിരുന്നു .ഗാനങ്ങൾ കേൾക്കാൻ എത്തുന്നവർ അദ്ദേഹത്തിന് പണമായോ ,ഭക്ഷ്യവസ്തുക്കളായോ ,വസ്ത്രങ്ങളായോ കൊടുക്കുമായിരുന്നു .അത്രയും പ്രാരാബ്ദമുള്ള ഒരാളായിരുന്നു അദ്ദേഹം .ഒരു ദിവസം അദ്ദേഹം ഒറ്റയ്ക്ക് മരച്ചുവട്ടിൽ ഇരിക്കുന്നത് ഒരു പെൺകുട്ടി കണ്ടു .അവളുടെ പേര് ആവണി എന്നായിരുന്നു .അവളുടെ കുടുംബം പണവും സ്വത്തുക്കളും ഉള്ളതായിരുന്നു .അവൾ കൂട്ടുകാരോടൊത് സംഗീതം കേൾക്കാൻ വരുന്നുണ്ടായിരുന്നു .അദ്ദേഹം വിഷമിച്ചിരിക്കുന്നത് കണ്ട അവൾ അദ്ദേഹത്തോട് ചോദിച്ചു 'എന്ത് പാട്ടി രാമു ചേട്ടാ?'.അപ്പോൾ അദ്ദേഹം പറഞ്ഞു :'വിശന്നു ഞാൻ തളർന്നു പോയി മോളെ 'അതുകേട്ടതും ആവണി പെട്ടന്നുതന്നെ വീട്ടിലേക്ക് പോയി അവിടെയുണ്ടായിരുന്ന ചോറും കറികളും ഒരു പാത്രത്തിലാക്കി അവൾ അദ്ദേഹത്തിന് കൊടുത്തു .അന്ന് മുതൽ രാമുച്ചേട്ടനും അവളും ചങ്ങാതിമാരായി .ആവണി ഇടയ്ക്കൊക്കെ പട്ടണത്തിൽ പോകുമായിരുന്നു .അവിടെയുള്ള വലിയ വലിയ കടകളിൽ നിന്ന് അവൾക്ക് വാങ്ങുന്നതിനൊപ്പം രാമുച്ചേട്ടനും വാങ്ങി കൊടുക്കുമായിരുന്നു .ഒരു ദിവസം രാത്രി സംഗീതം കേൾക്കാൻ എത്തിയ ആളുകൾ പിരിഞ്ഞു പോയതിനുശേഷം അദ്ദേഹം വീട്ടിലേക്ക് പോയി നിലത്തു പായ വിരിച്ചു കിടക്കുകയും ചെയ്തു .പിറ്റേദിവസം വെളുപ്പിന് ആ ഗ്രാമത്തിലെ ആളുകൾ കേട്ടത് ഒരു ഞെട്ടിപ്പിക്കുന്ന വാർത്തയായിരുന്നു .അദ്ദേഹം എല്ലാവരെയും വിട്ടു പോയിട്ടുണ്ടായിരുന്നു . അധ്യഹത്തിന്റെ ശവമടപ്പും

കർമങ്ങളുമെല്ലാം കഴിഞ്ഞു .അദ്ദേഹത്തിന്റെ സുഹൃത്തായ ആവണിയ്ക്ക്  ഉൾക്കൊള്ളാൻ പറ്റാത്ത വിഷമവുമുണ്ടായി . അന്നുരാത്രി എല്ലാവരും ആല്മരച്ചുവട്ടിൽ ഒത്തുകൂടി .രാമുച്ചേട്ടന് വേണ്ടി പ്രാർത്ഥിച്ചു ;എത്ര നല്ല മനസായിരുന്നു അദ്ദേഹത്തിന്റേത് ?..................

dilsha.k.d.
XA

# പരാജയപ്പെട്ട പൂവൻ കോഴി

ഒരിക്കൽ രണ്ടു പൂവൻ കോഴികൾ തമ്മിൽ തർക്കമുണ്ടായി .താനാണ് ശക്തൻ എന്ന് ഓരോരുത്തരും അവകാശപ്പെട്ടു .തർക്കം മൂത്ത് അവർ യുദ്ധം തുടങ്ങി .യുദ്ധത്തിൽ ഗുരുതരമായ പരിക്കേറ്റു .ഒരു കോഴി വൈക്കോൽ കൂമ്പാരത്തിന്റെ  മുകളിൽനിന്നും സന്തോഷസൂചകമായി  കൂവുകയും നൃത്തം ചെയ്യുകയും ചെയ്തു .ആ സമയത് അത് വഴി പറന്നു വന്ന ഒരു കഴുകൻ ഈ കോഴിയെ റാഞ്ചിയെടുക്കുകയും അതിനെ വേറൊരിടത്തേക്ക് കൊണ്ടുപോവുകയും ചരിത് .പരാജയപ്പെട്ട കോഴി തന്റെ ഭാഗ്യം ഓർത്തു സന്തോഷിക്കുകയും ചെയ്തു

ഗുണപാഠം :–അഹങ്കാരം ആപത്തിലേക്ക് നയിക്കും .

UDITH KRISHNA.P.S
IX C

# മലയാളം

മലയാളം മലയാളം
തേന്നൂറും മലയാളം
നമ്മുടെ നാടിൻ
ഭാഷതൻ മലയാളം
മലയാളി മക്കൾ തന്ന
അമ്മതൻ മലയാളം
അമ്മാനമാടിക്കളിക്കും മലയാളം
കേരളഭാഷയും  കേരളമക്കളും
പറയുന്ന ഭാഷയും മലയാളം
തുഞ്ചനും ആശാനും എഴുതുന്ന മലയാളം
നാടിന്റെ സംസ്കാര ഭാഷയാം മലയാളം
നാടിന്റെ ഭാഷയാം മലയാളം

SHREYA.A.S
IX A

# വാഴത്തുമ്പിൽ

വാഴത്തുമ്പിലിരിക്കുന്നു
അത് ആരാണ് .....
അത് ആരാണ്.....
ഈണശബ്ദം കേൾക്കുന്നു
അത് ആരുടേത് ......
ആരുടേത്
കുഞ്ഞിക്കുരുവി അത്
കുഞ്ഞിക്കുരുവീ .....

തുഞ്ചനും ആശാനും എഴുതുന്ന മലയാളം
നാടിന്റെ സംസ്കാര ഭാഷയും മലയാളം
നാടിന്റെ ഭാഷയാണ് മലയാളം

BEEMA NAZNIN.M.B
IX.A

# രാജകുമാരിയുടെ താറാവ് കുട്ടികൾ

എൽസ രാജകുമാരിക്ക് എട്ടു വയസ്സായപ്പോൾ അവളുടെ കളിപ്പാവകളായ താറാവ് കുട്ടികൾ സംസാരിക്കണം എന്ന് പറഞ്ഞു കൊണ്ട് അവൾ വാശിപിടിച്ചു .അപ്പോൾ അച്ഛൻ പറഞ്ഞു :-"പാവകളായ താറാവ് കുട്ടികൾ സംസാരിക്കില്ല .അവ നമ്മളെ പോലെ സംസാരിക്കില്ല .പക്ഷെ അവൾ വാശിയിൽ തന്നെ ഉറച്ചു നിന്നു. അവൾ പറഞ്ഞു :-"വേണ്ട, ഈ താറാവ് കുട്ടികൾ എന്നോട് സംസാരിക്കണം,കളിക്കണം "എന്ന് .അപ്പോൾ അച്ഛൻ പറഞ്ഞു :-"നിനക്കു സ്വന്തമായി നമ്മൾ പോകുന്നെടുതെല്ലാം കൂടെ വന്നു സംസാരിക്കുകയും കളിക്കുകയും ചെയ്യുന്ന താറാവ് കുട്ടികളെ പോലെ ഉള്ള ചെറിയ സാധനങ്ങൾ അല്ലെ വേണ്ടത് .പക്ഷെ അത് എന്നെ കൊണ്ട് സാധിക്കും എന്ന് തോന്നുന്നില്ല".പക്ഷെ അവൾ വേണം എന്ന് പറഞ്ഞു വാശിപിടിക്കുന്നു .അമ്മ പറഞ്ഞു :-"എന്നാൽ പിന്നെ മോൾക്ക് തീർച്ചയായും സംസാരിക്കുന്ന  താറാവ് കുട്ടികളെ തരാം .പക്ഷെ നീ നിലാവിനെ ഭക്ഷണം കഴിക്കാൻ വിളിക്കണം .അപ്പോൾ നിനക്ക് സംസാരിക്കുന്ന താറാവ് കുട്ടികളെ കിട്ടും ". അവൾ പറഞ്ഞു :-"എന്ത് നിലവിനെയോ ?".അമ്മ പറഞ്ഞു :-"അതാണ് ശെരി .നിനക്ക് എന്തെങ്കിലും വേണമെങ്കിൽ അതിനു പകരം കൊടുക്കണം .അവൾ നിലാവിനെ ഭക്ഷണം കഴിക്കാൻ വിളിക്കാൻ വേണ്ടി

പോയി .അവൾ നിലവിനോട് പറഞ്ഞു :–"ഹോ ! നിലാവേ നീ എന്റെ കൊട്ടാരത്തിലേക്ക ഭക്ഷണം കഴിക്കാൻ വരൂ .ഞാൻ നിന്നെ ക്ഷണിച്ചിരിക്കുന്നു .ഇല്ലെങ്കിൽ എനിക്ക് സംസാരിക്കുന്ന താറാവ് കുട്ടികളെ കിട്ടില്ല .എന്തായാലും ഞാൻ  നിന്നെ കാത്തിരിക്കും .ഒരു പക്ഷ നിങ്ങൾ വന്നില്ലെങ്കിൽ ഞാൻ ഒരിക്കലും മിണ്ടില്ല ". ഇത്രയും പറഞ്ഞു അവൾ കൊട്ടാരത്തിലേക്ക പോയി .പക്ഷെ നിലാവ് ഭക്ഷണം കഴിക്കാൻ വന്നില്ല .  എൽസ വളരെ അധികം ദുഃഖിച്ചു. അന്ന് രാത്രി എൽസ കരഞ്ഞുകൊണ്ട് കിടന്നു .പെട്ടെന്നൊരു വെളിച്ചം അവളുടെ മുറിയിൽ ആകെ പരന്നു. താനെ മുറിയിൽ ശരീരത്തു നിന്നും വെളിച്ചം പരത്തുന്ന ഒരാൾ മുറിയിൽ നിൽക്കുന്നത് കണ്ടു അവൾ ചാടി എഴുന്നേറ്റു .അത് നിലാവായിരുന്നു ."എന്നോട് ക്ഷമിക്കണം എൽസ .എനിക്ക് ഭക്ഷണം കഴിക്കാൻ വരാൻ സാധിച്ചില്ല "എന്ന് നിലാവ് പറഞ്ഞു .അവൾ ചോദിച്ചു:– "നിങ്ങൾ നിലവാണോ ?". "അതെ ഞാൻ നിലാവാണ്.ഇനി മോൾ പറ ,ഞാൻ എന്ത് സഹായമാണ് ചെയ്യേണ്ടത് ?" ഏന് നിലാവ് മറുപടി പറഞ്ഞു . "എനിക്ക് സംസാരിക്കാൻ സാധിക്കുന്ന താറാവ് കുട്ടികളെ വേണം " എൽസ പറഞ്ഞു ." അത് അത്ര പ്രയാസം ഉള്ള കാര്യം അല്ല .ഞാൻ ഈ ആഗ്രഹം നിറവേറ്റി തരാം .നീ രാവിലെ എഴുന്നേറ്റ് വരുമ്പോൾ ഈ പാവകളെല്ലാം ജീവനുള്ള പാവകളായി മാറും.ഒരു കാര്യം കൂടി ,നിനക്ക് ഒരു അപകടം പറ്റിയാൽ ഇവരോട് ഇവരോട് സഹായം

ചോദിക്കാം .അവ അവയുടെ മായാജാലം കൊണ്ട് നിന്നെ രക്ഷിക്കും .പിന്നെ ഇവ സാധാരണ രീതിയിൽ ആവും ".അത്രയും പറഞ്ഞുകൊണ്ട് നിലാവ് അവിടെ നിന്ന് പോയി .എൽസ രാവിലെ എഴുന്നേറ്റപ്പോൾ അവിടെ ഭയങ്കര ബഹളം .എൽസ ചെന്ന് നോക്കിയപ്പോൾ ജീവനുള്ള താറാവ് കുഞ്ഞുങ്ങൾ .രാജാവും റാണിയും പേടിച്ചു .അപ്പോൾ അവൾ ഉണ്ടായ കാര്യങ്ങൾ പറഞ്ഞു .പിന്നെ കുറെ നാളുകൾ വരെ അവൾ അവരുടെ കൂടെ കളിച്ചു .അവൾക്കു അവരെ പിരിയാൻ കഴിയാത്ത അത്രയും അടുത്തു.ഒരു ദിവസം ആ രാജ്യത്തെ ആക്രമിക്കാൻ ഒരു സൈന്യം വന്നു .അവർ രാജാവിനെ തടവറയിലാക്കി .രാജകുമാരിക്ക് ഭയങ്കര വിഷമമുണ്ടായി .അപ്പോഴാണ് നിലാവ് പറഞ്ഞ കാര്യം ഓർമ്മ വന്നത് . അവൾ അച്ഛനെയും അമ്മയെയും രക്ഷിക്കാൻ വേണ്ടി താറാവ് കുട്ടികളോട് പറഞ്ഞു .അവൾ കരഞ്ഞുകൊണ്ടാണ് ആ തീരുമാനം എടുത്തത് .അങ്ങനെ ആ താറാവ് കുട്ടികൾ എൽസയുടെ അമ്മയെയും അച്ഛനെയും ആ രാജ്യത്തെയും രക്ഷിച്ചു .അങ്ങനെ അവർ വീണ്ടും കളിപ്പാവകളായി .എൽസ അവയെ കെട്ടിപിടിച്ചു കരഞ്ഞു .രാജാവും റാണിയും അവളെ ആശ്വസിപ്പിച്ചു .പിന്നെ അവൾ ആ കാര്യം പതുക്കെ പതുക്കെ മറന്നു ....

FATHIMA THUL SUHARA
X.D

# എന്റെ പനിനീർ ചെടി

അങ്കണത്തിന്നലങ്കാരമായൊരു
ചെമ്പനീർ ചെടി നട്ടു വളർത്തി ഞാൻ
ജാതമോദമതിന്നനുവാസരം
ശീതളജലധാരപകർന്നു ഞാൻ
നാൾക്കുനാളതിൽ നാമ്പുണരുന്നത്
നോക്കി നോക്കി മതം കുളിർപ്പിക്കുവാൻ ,
മുട്ടുതോറും കിളുർക്കും മുളകളെ
ക്ഷുദ്രകീടം കരളാതെ കാക്കുവാൻ
അങ്കുരിക്കും കുരുന്നിലായുഗ്രമാ–
മുച്ചവെയ്‌ലെറ്റു വാടാതെ നോക്കുവാൻ
വിസ്മരിക്കാതെ നിന്ന് ഞാനപ്പുതു –
പുഷ്പവല്ലിക്കു കാവൽ മാലാഖയായ്
മഞ്ഞുപെയ്യുന്ന ഹേമന്ത സൗഭാഗ്യം
എന്റെ നാടിനെ പുൽകിയ വേളയിൽ
ആകമാനം തളിർത്തു മനോഹര –
ശ്യാമലാംഗിയായെൻ പനിനീർച്ചെടി
ശുദ്ധമാകും തുഷാരകണങ്ങളാൽ
മുത്തണിഞ്ഞു സുമംഗലിയാകവേ
ചില്ലതോറും പുളകാങ്കുരം കണ–
കുല്ലസിച്ചു മുകുളമുളകളും
പൊൻപുലരിഞ്ഞുടുപ്പിനെ നോക്കിയാ–
പൊൻമുകുളങ്ങൾ മന്ദഹസിക്കവെ
ആർത്തിരമ്പുകായായാനു വേലമേ–
ന്നാന്തരംഗത്തിലാനന്ദ സാഗരം

FATHIMA FARHANA
V A

# അമ്പിളി അമ്മാവൻ

ആകാശത്തു പുഞ്ചിരിച്ചു നിക്കുന്ന നീ
രാവിലെ നീ എങ്ങു പോകുന്നു ?
രാത്രികളിൽ നീ വഴികാട്ടി
തരുന്നു

നിൻ കൂട്ടുകാർ നിന്റെ ചുറ്റും ഉണ്ട്
നീ അവരുടെ നടുവിൽ
രാജാവിനെ പോൽ വാഴുന്നു
രാത്രികളിൽ ഞാൻ നിന്നെ
നോക്കിയിരിക്കും

നിന്റെ അടുത്തേക്ക് ഞാൻ വരട്ടെ
നിന്റെ വഞ്ചിയിൽ എന്നെ കെട്ടി ഈ ലോകം
ചുറ്റിക്കാണുമോ .....

എന്റെ അമ്പിളി അമ്മാവാ.....

THEJWASREE.M.S
X.A

# കണ്ണ് കാണാത്തവനും കാല് ഇല്ലാത്തവനും രാക്ഷസനും

പണ്ട് കാലത്ത്  ഒരു കണ്ണ് കാണാത്തവനും കാല് ഇല്ലാത്തവനും തമ്മിൽ കണ്ടുമുട്ടുന്നു.എന്നിട്ടു അവർ ഒരുമിച്ചു താമസിക്കാൻ വേണ്ടി വേറെ ഒരു സ്ഥലത്തേക്ക് പോകാം എന്ന് അവർ തീരുമാനം എടുക്കുന്നു .പക്ഷെ കണ്ണ് കാണാത്തവന് നടക്കാൻ സാധിക്കില്ല .കണ്ണ് കാണാത്തവന് ഒന്നും കാണാൻ സാധിക്കില്ല .അപ്പോൾ കാലു ഇല്ലാത്തവൻ കണ്ണ് കാണാത്തവനോട് തന്നെ തന്റെ തോളിൽ ഇരുത്തു  എന്ന പറഞ്ഞു  .ഞാൻ നടക്കേണ്ട സ്ഥലങ്ങൾ പറഞ്ഞു. തരാമെന്ന് കാല് ഇല്ലാത്തവൻ പറഞ്ഞു .കണ്ണ് ഇല്ലാത്തവൻ അത് ശെരിയെന്നു പറഞ്ഞു .എന്നിട്ട് കണ്ണ് ഇല്ലാത്തവൻ കാല് ഇല്ലാത്തവനെ തോളിൽ കയറ്റി .കാല് ഇല്ലാത്തവൻ നടക്കേണ്ട വഴികൾ പറഞ്ഞു കൊടുത്തു .ങ്ങനെ നടന്നു നടന്നു പോകുന്നവഴിയിൽ ഒരു മുടിയിഴ പോലെ കിടക്കുന്ന ഒരു കയർ കണ്ടു .കാല് ഇല്ലാത്തവൻ കണ്ണ് ഇല്ലാത്തവനോട്  ആ കയർ എടുത്തു തരാൻ പറഞ്ഞു  അവൻ അത് എടുത്തു കൊടുത്തു .അങ്ങനെ കുറച്ചു കൂടി  നടന്നപ്പോൾ അവർ ഒരു ആമയെ  കണ്ടു .കാല് ഇല്ലാത്തവൻ അത് മറ്റവനോട് എടുത്തു തരാൻ പറഞ്ഞു .അവൻ അത് എടുത്തു കൊടുത്തു .അങ്ങനെ നടന്നു നടന്നു അവർ ഒരു കൊട്ടാരം കണ്ടു .ആ കൊട്ടാരം ഒരു

രാക്ഷസന്റെ ആയിരുന്നു .അത് അവർക്ക് അറിയില്ലായിരുന്നു .അപ്പോൾ കാല് ഇല്ലാത്തവൻ നമ്മുക്ക് അവിടെ കയറി താമസിക്കാം എന്ന് പറഞ്ഞു .അപ്പോൾ ആ രാക്ഷസൻ തനിക്കുള്ള ഇര തേടി പോയതായിരുന്നു .രാക്ഷസൻ ഇരതേടി തിരിച്ചു വന്നപ്പോൾ കൊട്ടാരം വാതിൽ തുറന്നു കിടക്കുകയായിരുന്നു .രാക്ഷസൻ ആരാണ് അകതെന്ന് ചോദിച്ചു .അപ്പോൾ അവർ രണ്ടു പേരും രാക്ഷസന്റെ ശബ്ദം കേട്ട് പേടിച്ചിരുന്നു .അപ്പോളാണ് കാല് ഇല്ലാത്തവന് ഒരു ഉപായം തോന്നിയത് .രാക്ഷസൻ ചോദിച്ച ചോദ്യത്തിന് കാല് ഇല്ലാത്തവൻ മറുപടി കൊടുത്തു .അവൻ പറഞ്ഞു നാൻ ഒരു രാക്ഷസൻ ആണ് എന്ന് അത് കേട്ടപ്പോൾ യഥാർത്ഥ രാക്ഷസൻ അകത്തുള്ളത് യഥാർത്ഥ രാക്ഷസൻ ആണ് എന്ന് നാൻ വിശ്വസിച്ചിരിക്കുന്നു എന്നാൽ നീ നിന്റെ ഒരു മുടിയിഴ പൊട്ടിച്ചു ഇവിടേയ്ക്ക് ഇട്ടു തരാൻ പറഞ്ഞു .അപ്പോൾ നേരത്തെ വഴിയിൽ നിന്ന് കിട്ടിയ കയർ അങ്ങ് ഇട്ടു കൊടുത്തു .അപ്പോൾ രാക്ഷസൻ ചെറുതായി ഒന്ന് ഭയന്ന് പോയി .എന്നിട്ടു പറഞ്ഞു ,എന്നാൽ നിന്റെ തലയിലെ ഒരു പേനിനെ എടുത്തു ഇട്ടു തരാൻ പറഞ്ഞു .അപ്പോൾ കാലില്ലാത്തവൻ നേരത്തെ കിട്ടിയ ആമയെ ഇട്ടുകൊടുത്തു. രാക്ഷസൻ ഈ ആമയെ കണ്ടതും തന്നെക്കാൾ വലിയ രാക്ഷസനാണ് കൊട്ടാരത്തിലുള്ളത് എന്ന് വിചാരിച്ചു ഭയന്ന് ഓടിപ്പോയി .പിന്നെ കാലില്ലാത്തവനും കണ്ണ് കാണാത്തവനും ആ കൊട്ടാരത്തിൽ സുഗമായി ജീവിച്ചു

SREEYA SAJITH VIII A

നന്ദി